# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 155

18.06.2012 -ൽ മറുപടിയ്ക്ക്

## സ്വകാര്യ ചിട്ടി കമ്പനികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.എ.മാധവൻ<br>ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിയമവിരുദ്ധമായി സ്വകാര്യ ചിട്ടി കമ്പനികൾ പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | കേന്ദ്ര ചിട്ടി ഫണ്ട് ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് ഇവയെ നിയന്ത്രിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | കേന്ദ്രഗവൺമെന്റിന്റെ 30.4.2012 ലെ S.O.No. 950(E) നമ്പർ വിജ്ഞാപനത്തിലൂടെ കേന്ദ്ര ചിട്ടി നിയമമായ ചിറ്റ് ഫണ്ട്സ് ആക്ട് 1982, സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. ചിട്ടി മേഖലയിൽ സുതാര്യതയും, ചിട്ടി വരിക്കാർക്ക് സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് പ്രസ്തുത നിയമ പ്രകാരമുള്ള ചട്ടങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ? | (സി) | കേന്ദ്രനിയമമായ 1982 ലെ ചിറ്റ് ഫണ്ട്സ് ആക്ടിന് കീഴിൽ സംസ്ഥാനത്തിന്റെ ചട്ടങ്ങൾ രൂപീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ചിട്ടി മേഖലയെ സുതാര്യവും<br>(.........................2) |

| | | | |
|---|---|---|---|
| | | -2- | നിയന്ത്രണ വിധേയവുമാക്കാനുള്ള വ്യവസ്ഥകൾ കേന്ദ്ര നിയമത്തിലുണ്ട്. നടപടികളുടെ തുടക്കമായി അച്ചടി-ദൃശ്യ മാധ്യമങ്ങളിൽ വലിയ സമ്മാനങ്ങളും വാഗ്ദാനങ്ങളുമായി നൽകപ്പെടുന്ന ചിട്ടി പരസ്യങ്ങളെ കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും 05.06.2012 ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ